LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങൾക്ക് വനവിഭവങ്ങൾ നൽകുന്നത് സംബന്ധിച്ച കരാർ

113 [1123] ശ്രീ. കെ. എൻ. എ. ഖാദർ:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള :
„ പി. കെ. കെ. ബാവ :
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ അസംസ്കൃത വസ്തുവായിട്ടുപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് അവ നൽകാമെന്ന ദീർഘകാല കരാറുകളിൽ ഏതെല്ലാം ഇപ്പോൾ നിലവിലുണ്ട്;

(ബി) ഈ കരാറുകളിൽ പറഞ്ഞിരിക്കുന്ന വനവിഭവങ്ങളുടെ വില പുതുക്കി നിശ്ചയിച്ച് സർക്കാരിന്റെ നഷ്ടം ഒഴിവാക്കി കരാർ പുതുക്കാൻ ആലോചനയുണ്ടോ?

ഉത്തരം

(എ) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് കമ്പനിക്ക് 6-10-2004 വരെയും കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 31-10-2005 വരെയും അസംസ്കൃത വനവിഭവങ്ങൾ നൽകുന്നതിന് ദീർഘകാല കരാറുകൾ നിലവിലുണ്ട്.

(ബി) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് കമ്പനിയുമായുള്ള നിലവിലുള്ള കരാർ 2004-ൽ അവസാനിക്കുകയാണ്. കരാർ പുതുക്കി നിശ്ചയിക്കുമ്പോൾ വനവിഭവങ്ങളുടെ വില നിലവിലുള്ള പൊതുകമ്പോളത്തിലെ വിലയും അയൽ സംസ്ഥാനങ്ങളിലെ വിലയും കൂടി പരിഗണിച്ചാണ് എല്ലാ പ്രാവശ്യവും കരാർ പ്രകാരം വില നിശ്ചയിക്കുന്നത്. പരമാവധി നഷ്ടം ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് വർഷംതോറും ഈറ്റ സൗജന്യമായാണ് നൽകിവരുന്നത്. പരമ്പരാഗതമായ ഈറ്റത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സൗജന്യമായി ഈറ്റ നൽകിക്കൊണ്ടിരിക്കുന്നത്.

തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിൽ ജോലിയിലിരിക്കെ മരിച്ച നന്ദകുമാറിന്റെ ഭാര്യയ്ക്ക് ആശ്രിതനിയമനം നൽക്കുന്നതിനും പെൻഷൻ അനുവദിക്കുന്നതിനും നടപടി

114 [1125] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിൽ ജോലിയിലിരിക്കെ കഴിഞ്ഞ വർഷം മരിച്ച കൂറ്റുമുക്ക് സ്വദേശി നന്ദകുമാറിന്റെ വിധവ ശ്രീമതി രാധിക നന്ദകുമാറിന് ആശ്രിത നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരിച്ച നന്ദകുമാറിന്റെ മകൾക്കും വിധവയ്ക്കും പെൻഷൻ അനുവദിച്ചുത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1124-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.